ഭക്ഷ്യാവശ്യത്തിനു കൊണ്ടുവരുന്ന കോഴിമാംസം പരിശോധിക്കുവാൻ നടപടി

112 [2868] *ശ്രീ. കെ. മോഹൻകുമാർ:*
„ *ജി. പ്രതാപവർമ്മ തമ്പാൻ:*
„ *ഇ. എം. അഗസ്തി:*
„ *കെ. എ. ചന്ദ്രൻ:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യാവശ്യത്തിനായി സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന കോഴികളുടെ മാംസം രോഗവാഹിയാണോ എന്ന് പരിശോധിക്കാറുണ്ടോ;

(ബി) സ്റ്റിറോയിഡ് ചേർന്ന കോഴിത്തീറ്റ കൊടുത്തു വളർത്തുന്ന കോഴികളെയാണ് സംസ്ഥാനത്തേക്ക് കടത്തുന്നതെന്ന റിപ്പോർട്ടുണ്ടോ;

(സി) പുറത്തുനിന്ന് ഈ സംസ്ഥാനത്തേക്ക് കടത്തുന്ന കോഴിയിറച്ചി പതിവായി കഴിക്കുന്ന പലർക്കും സ്ഥൂലിച്ച ശരീരം ഉണ്ടാവുകയും പെൺകുട്ടികൾ ചെറുപ്രായത്തിൽത്തന്നെ രജസ്വലയാവുകയും പല കുട്ടികൾക്കും മാരകരോഗമുണ്ടാകുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുറത്തുനിന്ന് ഭക്ഷ്യ ആവശ്യത്തിന് കൊണ്ടുവരുന്ന കോഴികളുടെ മാംസം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വില്പനയ്ക്കായി പുറത്തുനിന്നും കൊണ്ടുവരുന്ന കോഴികൾക്ക് രോഗമില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ കോഴിമാംസത്തിൽ ഹോർമോണുകളോ ആന്റിബയോട്ടിക്ക് അവശിഷ്ടങ്ങളോ ഉണ്ടെന്നുകണ്ടെത്തുവാനുള്ള പരിശോധന നടത്തുവാനുള്ള സംവിധാനം വകുപ്പിൽ ഇപ്പോൾ നിലവിലില്ല.

(ബി) ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സഹായത്തോടെ മാംസം, പാൽ മുതലായവ പരിശോധിക്കുന്നതിനായി എറണാകുളത്ത് അത്യാധുനിക സൗകര്യങ്ങളോടെ ഒരു ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നൂതന മാർഗ്ഗങ്ങൾ

113 [2839] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*
„ *ടി. പി. രാമകൃഷ്ണൻ:*
„ *എ. കെ. ബാലൻ:*
„ *എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ 2004-2005 സാമ്പത്തികവർഷം എത്രകോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം കൃഷികൾക്കാണ് പ്രസ്തുത തുക അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മാക്രോമാനേജ്മെന്റ് പദ്ധതിക്കായി പ്രസ്തുത വർഷത്തിൽ എന്തു തുക അനുവദിച്ചു;

(ഡി) കഴിഞ്ഞ സാമ്പത്തികവർഷം വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക ചെലവഴിക്കപ്പെടാതെയുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ;

(ഇ) സംസ്ഥാനത്ത് പല വിളകളുടെയും ഉൽപ്പാദനലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നൂതന മാർഗ്ഗങ്ങളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5410.5950 ലക്ഷം രൂപ അനുവദിച്ചു.

(ബി) വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക താഴെപ്പറയുംപ്രകാരമാണ്:

(തുക ലക്ഷത്തിൽ)

1.	മാക്രോമാനേജ്മെന്റ് പദ്ധതി	–	4583.190
2.	സമഗ്ര നാളികേര വികസനം	–	388.5265
3.	കാറ്റുവീഴ്ച രോഗനിയന്ത്രണം	–	282.5979
4.	ബയോഗ്യാസ് പദ്ധതി	–	52.50
5.	ബയോകൺട്രോൾ ലാബ്	–	35.00
6.	മാർക്കറ്റ് ലെഡ് എക്സ്റ്റൻഷൻ	–	20.00
7.	വിത്തുപരിശോധനാകേന്ദ്രം ശക്തിപ്പെടുത്തൽ	–	15.00
8.	യന്ത്രവൽക്കരണ പരിശീലനം	–	8.25
9.	കാർഷികവൃത്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം	–	8.95
10.	ഓയിൽ പാം കൃഷി വികസനം	–	5.00
11.	റ്റി x ഡി തെങ്ങിൻതൈ ഉൽപ്പാദനം	–	9.38
12.	കോഴിക്കോട് ജില്ലയിലെ തെങ്ങിന്റെ കൂമ്പുചീയൽ നിയന്ത്രണം	–	1.70063
13.	വിത്തിന്റെ ക്വാളിറ്റി കൺട്രോൾ	–	0.50
	മൊത്തം	–	5410.5950

LIBRARY ARCHIVES Kerala Legislative Assembly

(സി) 2004–2005 വർഷം 4583.19 ലക്ഷം രൂപ അനുവദിച്ചു.

(ഡി) കഴിഞ്ഞ സാമ്പത്തികവർഷം കേന്ദ്രസർക്കാർ അനുവദിച്ച തുകയിൽ ചില പദ്ധതികൾക്കുള്ള തുക വൈകി ലഭിച്ചതിനാലും ശീർഷകവും ബഡ്ജറ്റ് പ്രൊവിഷനും ഇല്ലാതിരുന്നതിനാലും മുഴുവൻ തുകയും ചെലവഴിക്കാൻ കഴിഞ്ഞില്ല. പ്രസ്തുത തുക റീവാലിഡേറ്റ് ചെയ്തു കിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) സംസ്ഥാനത്ത് കാർഷിക ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹോർട്ടിക്കൾച്ചർ വിളകളായ കശുമാവ്, പഴം, പച്ചക്കറി, പുഷ്പക്കൃഷി, കുരുമുളക്, മറ്റു സുഗന്ധവിളകൾ എന്നിവയുടെ വികസനത്തിന് കേന്ദ്ര സഹായത്തോടെ 'ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ' എന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. തെങ്ങിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് കേന്ദ്രസഹായത്തോടെ 1924.67 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്. കൂടാതെ, നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 10,000 ഹെക്ടർ സ്ഥലത്ത് 5 കോടി രൂപ ചെലവഴിച്ച് തരിശുഭൂമിയിൽ നെൽക്കൃഷി വ്യാപിപ്പിക്കുന്നതാണ്. പ്രായമായതും രോഗം ബാധിച്ചതുമായ കുരുമുളക്, കശുമാവ് എന്നിവ മാറ്റി പുതിയ നല്ലയിനം തൈകൾ റീപ്ലാന്റ് ചെയ്യുന്നതാണ്.

"തോട്ടവിളകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഉന്നതതല സമിതി"

114 [2847] *ശ്രീ. എം. മുരളി:*
,, കെ. ബാബു:
,, ജി. കാർത്തികേയൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടവിളകളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഒരു ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) ഈ സമിതിയിൽ ആരെല്ലാമാണ് അംഗങ്ങളായുള്ളത്;

(സി) ഈ സമിതിയുടെ റിപ്പോർട്ട് ലഭിച്ചുവോ;

(ഡി) എങ്കിൽ അതിലെ ശുപാർശകൾ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly